പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 6445

08/11/2016 ൽ മറുപടിക്ക്

## പൊതുമേഖല സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ പാക്കേജ്

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി.ടി.ബൽറാം<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.എസ്.ശിവകുമാർ<br>ശ്രീ.കെ.സി.ജോസഫ് | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) നഷ്ടത്തിലായ എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളേയും പുനരുജ്ജീവിപ്പിച്ച് ലാഭത്തിലാക്കുവാൻ തീരുമാനി ച്ചിട്ടുണ്ടോ; വിശദമാക്കുമോ; | എ) | ഉണ്ട്. |
| ബി) ആയതിന് ഒരു പാക്കേജിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം; വിവരിക്കാമോ;<br><br>സി) പാക്കേജിന്റെ രൂപരേഖ തയ്യാറാക്കി യിട്ടുണ്ടോ; വിവരിക്കുമോ? | & ബി) & സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യവസായവകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളുടെ മുൻകാല പ്രവർത്തനങ്ങളും, ഇപ്പോഴത്തെ അവസ്ഥയും വിശകലനം ചെയ്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്നതുൾപ്പെടെയുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമ മാക്കുന്നതിന്റെ ഭാഗമായി വ്യവസായവകുപ്പിന്റെ അധീനതയിലുള്ള 42 സ്ഥാപനങ്ങളുടെയും പ്രാഥമിക അവലോകന യോഗങ്ങൾ റിയാബ് മുഖേന നടത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ ഓരോ സ്ഥാപനങ്ങളുടെയും കാര്യക്ഷമമായ പ്രവർത്തനത്തിനായി ആധുനികവത്ക്കരണവും, വിപുലീകരണവും, ഉല്പാദന വൈവിദ്ധ്യ വൽക്കരണവുമുൾപ്പെടെ സ്വീകരിക്കേണ്ട നടപടികൾ സാമ്പത്തിക ലഭ്യതകൂടി കണക്കിലെടുത്തുകൊണ്ട് നടപ്പിൽ വരുത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.<br><br>ഉല്പാദന സംവിധാനങ്ങളുടെയും, സാങ്കേതിക വിദ്യയുടെയും കാലാനുസൃതമായ നവീകരണം, വിപണന സാധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം, കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങളുമായിട്ടുള്ള സംയോജനം, ധനപരമായ പുനഃരുദ്ധാരണം, |

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ, എന്നിവ അതാത് മേഖലകളിലുള്ള വിദഗ്ധരുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ചുകൊണ്ടായിരിക്കും സർക്കാർ തീരുമാനമെടുക്കുന്നത്.

സെക്ഷൻ ഓഫീസർ